SET **A**

| Question Paper Booklet Sl. No. | 633861 |
|---|---|

# K-TET - OCTOBER 2023

Roll No. | | | | | | |

| Category - I | Part - 2 |
|---|---|

| Question Paper Code | Area/Subjects | No. of Questions | Sl. No. of Questions | Sl. No. of Pages |
|---|---|---|---|---|
| 102 | Malayalam | 30 | 91 to 120 | 3 to 10 |

Space for Rough Work - Page No. : **2 and 11**

Instructions - Page No. : **1 and 12**

## INSTRUCTIONS

Candidates are advised to read the instructions given in the cover pages of the Question Booklet very carefully. Non-compliance of any of these may result in cancellation of the OMR Answer Sheet.

1. Don't open the Question Booklet seal before the scheduled time of examination. Before attempting the paper, the candidates should make sure that no page or question is missing from the Question Paper. In case there is any discrepancy, it should be immediately reported to the invigilator in the room for obtaining a full shaped Question Paper.
2. There will be no negative mark.
3. Ensure same set code of question paper for all Parts in the examination.
4. For answering questions, select the most appropriate answer from the options concerned and candidates are advised to follow instructions strictly given in the Question paper and on the OMR Answer Sheet.
5. Fill in all the entries on the top part of the OMR Answer Sheet before beginning to answer question For entering booklet number, take the serial number of part one.
6. Use only Blue/Black Ball Point Pen for answering questions on OMR Answer Sheet.
7. No identification mark, other than where asked for, on the OMR Answer Sheet, is permitted. done so, the OMR Answer Sheet is liable to be treated as cancelled. The decision of the Secreta Pareeksha Bhavan in this regard shall be final.

104. 'അന്ധകാരനഴി' ഏതു വിഭാഗത്തിൽ പെടുന്ന കൃതിയാണ് ?

(A) യാത്രാവിവരണം

(B) ആത്മകഥ

(C) നോവൽ

(D) നാടകം

105. ചെറിയ കാലയളവിൽ നടപ്പിലാക്കിയ പഠന പ്രവർത്തനങ്ങളുടെ വിലയിരുത്തലിലൂടെ രൂപീകരിക്കപ്പെട്ട വിവരങ്ങളെ അടിസ്ഥാനമാക്കി ടീച്ചർ തയാറാക്കുന്ന ചർച്ചാ രേഖ ഏത് ?

(A) പോർട്ട്ഫോളിയോ

(B) റിഫ്ലക്ഷൻ നോട്ട്

(C) പ്രോഗ്രസ് റിപ്പോർട്ട്

(D) ലേണിംഗ് അസെസ്മെന്റ്

106. താഴെ പറയുന്നവയിൽ ബോധനോദ്ദേശ്യവുമായി പൂർണമായും യോജിക്കാത്ത പ്രസ്താവന ഏത് ?

(A) പഠിതാക്കൾ ഏതു ലക്ഷ്യത്തി-ലേക്കാണോ പുരോഗമിക്കുന്നത് അവയാണ് ബോധനോദ്ദേശ്യങ്ങൾ

(B) ബോധനത്തിലൂടെ പഠിതാവിന് ഉണ്ടാകുന്ന മാറ്റമാണ് ബോധനോദ്ദേശ്യം

(C) അധ്യാപനത്തിലൂടെ എന്തുനേടാൻ ഉദ്ദേശിക്കുന്നു എന്നപ്രസ്താവനയാണ് ബോധനോദ്ദേശ്യം

(D) ഓരോ വിദ്യാർഥിയും ഭാവിയിൽ ആരാകണമെന്ന് നിശ്ചയിച്ച് രേഖപ്പെടുത്തുന്നതാണ് ബോധനോദ്ദേശ്യം

107. താഴെ പറയുന്നവയിൽ ഭാഷാ സമഗ്രതാദർശനത്തിന്റെ സമീപനങ്ങളിൽ പെടാത്തത് ഏത് ?

(A) സാമൂഹ്യ ഇടപഴകലുകൾ പഠനത്തെ പ്രതികൂലമായി ബാധിക്കും

(B) സജീവമായ പഠന പ്രവർത്തനങ്ങളിൽ മുഴുകിയിരിക്കുമ്പോൾ അച്ചടക്ക രാഹിത്യം ഉണ്ടാവില്ല

(C) വളരെ സങ്കീർണ്ണമായ പ്രക്രിയകൾ പോലും അവിശ്വസനീയമായ വേഗത്തിൽ സ്വായത്തമാക്കാനുള്ള കഴിവ് കുട്ടികൾക്കുണ്ട്

(D) സ്വന്തം രീതിയിലുള്ള പഠനത്തിൽ സജീവമായി ഏർപ്പെടുമ്പോഴാണ് കുട്ടികൾ ഏറ്റവുമധികം പഠിക്കുന്നത്

99. പ്രകൃതിയിലെ പുവിന്റെ സവിശേഷത അല്ലാത്തത് ഏത് ?

(A) മണ്ണിൽ നിന്ന് നിർമ്മിച്ചു

(B) കവിയിൽ അസൂയ ജനിപ്പിച്ചു.

(C) കാഴ്ചയ്ക്കും മനസ്സിനും കുളിരേകി.

(D) കാലപ്രവാഹത്തിൽ മറഞ്ഞു.

100. കാമനീയകം എന്ന പദത്തിന്റെ അർത്ഥം ?

(A) സുഗന്ധം

(B) ഉന്മേഷം

(C) സൗന്ദര്യം

(D) പ്രകാശം

101. ബുദ്ധിയുടെ ബഹുമുഖങ്ങളിൽ അമൂർത്ത ചിന്തനത്തിന് സഹായകമാകുന്നതേത് ?

(A) ഭാഷാപരമായ ബുദ്ധി

(B) ദൃശ്യസ്ഥലപരബുദ്ധി

(C) ആന്തരിക വൈയക്തിക ബുദ്ധി

(D) യുക്തിചിന്താപരവും ഗണിതപരവുമായ ബുദ്ധി

102. താഴെ പറയുന്നവയിൽ സാമ്പ്രദായിക പരീക്ഷാ രീതിയുടെ സവിശേഷത ഏത് ?

(A) കുട്ടിയുടെ സൃഷ്ടിപരത മുഖ്യമായി പരിഗണിക്കുന്നു

(B) വ്യക്തികൾക്ക് റാങ്ക് നൽകി താരതമ്യം ചെയ്യുകയെന്നത് പ്രധാന ലക്ഷ്യമാകുന്നു

(C) കുട്ടികളിൽ വികസിക്കേണ്ട യഥാർത്ഥ ജീവിതശേഷികളെ പരിഗണിക്കുന്നു

(D) ഓരോ കുട്ടിയുടെയും വായനയിലെ ശക്തി ദൗർബല്യങ്ങൾ കണ്ടെത്താൻ ശ്രമിക്കുന്നു

103. ഒരു വെടിക്ക് രണ്ട് പക്ഷി എന്ന പ്രയോഗത്തിലൂടെ വ്യക്തമാകുന്ന ശരിയായ ആശയം ഏത് ?

(A) ഒരു പ്രവൃത്തി കൊണ്ട് ഒന്നിലധികം ലക്ഷ്യങ്ങൾ സാധിക്കൽ

(B) ദുഷ്ടത ചെറുതായാലും പ്രത്യാഘാതം വലുതായിരിക്കും

(C) വിജയത്തിന് പിന്നാലെ തോൽവിയും ഉണ്ടാകാം

(D) സാമർത്ഥ്യമുണ്ടെങ്കിൽ നേട്ടം കൂടും

ചുവടെ കൊടുത്തിരിക്കുന്ന കവിതാഭാഗം വായിച്ച് 96 മുതൽ 100 വരെയുള്ള ചോദ്യങ്ങൾക്ക് ഏറ്റവും ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക.

മണ്ണിൽ നിന്നൊരു പൂവു നിർമ്മിച്ചു പ്രകൃതിയാൾ

കണ്ണിനും കരളിനും കുളിർമ്മയരുളുവാൻ.

രാമണീയക മേറുമാ നവസൂനം കണ്ടു

കോൾമയിർക്കൊണ്ടു കവി വിസ്മയ വിവശനായ്

ചന്തമാർന്നൊരു പുഷ്പം സൃഷ്ടിച്ചു, കവി, യുള്ളിൽ

പൊന്തിടും നവോന്മേഷം തിരതല്ലുകയാലേ

തേജസ്സു വീശി രണ്ടും രണ്ടു രീതിയി, ലേതി-

ന്നോജസ്സു കൂടിടുമെന്നോതുവാൻ കഴിഞ്ഞീലാ.

കാമനീയകമേലും രണ്ടു പൂവിനും മീതേ

കാലത്തിൻ തരംഗങ്ങൾ പാഞ്ഞുപോയധൃഷ്യമായ്

പാഴ്മണ്ണിൽ പ്പിറന്നതാം സുമത്തിൻ പ്രഭാപൂരം

ഹാ! മങ്ങി മറഞ്ഞുപോയ് ചെന്തീതൻ ജ്വാലയ്ക്കൊപ്പം

ഭാവനാ സന്താനമാം സുന്ദര പ്രസൂനമോ

ഭാസുരതരമായി വിളങ്ങീ വെൺതാരപോൽ.

96. പൂവുകൾക്കു മീതേ പാഞ്ഞു പോയതെന്താണ് ?

(A) പ്രഭാപൂരം

(B) ചെന്തീജ്വാല

(C) കാലപ്രവാഹം

(D) നവോന്മേഷധാര

97. "ഭാവനാസന്താനമാം സുന്ദര പ്രസൂനമോ ഭാസുരതരമായി വിളങ്ങി വെൺ താരപോൽ" -

ഈ വരികളിലെ ചമൽക്കാര സവിശേഷതയെന്ത് ?

(A) സാദൃശ്യ കല്പന

(B) വർണ്യം അവർണ്യമാണോ എന്ന ആശങ്ക

(C) സാദൃശ്യത്താൽ ഉണ്ടാകുന്ന സ്മൃതി

(D) ബിംബപ്രതിബിംബ കല്പന

98. കവിതയുടെ കേന്ദ്രാശയമായി സൂചിപ്പിക്കാവുന്നത് ഏത് ?

(A) ഭാവനയുടെ ഔന്നത്യം

(B) പൂവിന്റെ വളർച്ച

(C) പ്രകൃതിയുടെ സൗന്ദര്യം

(D) കാലത്തിന്റെ അധൃഷ്യത

91. സി.വി. പരീക്ഷണങ്ങളിലൂടെ നേടിയെടുത്ത നൈപുണിയായി വിശേഷിപ്പിക്കുന്നതെന്ത് ?

(A) ദുരന്തബോധം സൃഷ്ടിക്കൽ

(B) വിധിയുടെ അലംഘനീയത വ്യക്തമാക്കൽ

(C) അമൂർത്ത വികാരങ്ങളെ ആവിഷ്ക്കരിക്കൽ

(D) വേഷ പ്രച്ഛന്നത ആവിഷ്ക്കരിക്കൽ

92. സി.വി.യെ നിത്യസ്മരണീയനാക്കുന്നതെന്ത് ?

(A) ചരിത്രാഖ്യായികയെ ഒരു സാഹിത്യ ശാഖയായി പ്രതിഷ്ഠിച്ചതിനാൽ

(B) പരീക്ഷണ രചനകൾ നിർവ്വഹിച്ചതിനാൽ

(C) ദുർഗ്രഹമായ രചനാരീതി സ്വീകരിച്ചതിനാൽ

(D) നോവലുകളിലൂടെ ആസ്വാദകരെ പ്രീണിപ്പിച്ചതിനാൽ

93. മഹാന്മാരായ സാഹിത്യകാരൻമാരുടെ ലക്ഷണമായി സൂചിപ്പിക്കുന്നതെന്ത് ?

(A) ദുർഗ്രഹത സൃഷ്ടിക്കുന്നു

(B) അനുവാചകന് സൃഷ്ടിക്കകത്ത് സ്ഥാനം നൽകുന്നു

(C) അനുവാചകനെ അത്ഭുതപ്പെടുത്തുന്നു

(D) ധർമ്മാധർമ്മ വിശകലനം നിർവ്വഹിക്കുന്നു

94. സി.വി.യുടെ കൃതികളിലെ ക്രാഫ്റ്റ് പ്രത്യക്ഷീകരിക്കുന്നതിന് സ്വീകരിച്ച മാർഗങ്ങളിൽ ഉൾപ്പെടുന്നത് ഏത് ?

(A) തലകീഴ് മറിഞ്ഞ വാചകക്കസർത്ത്

(B) ക്ലിഷ്ടാർഥ ദുരൂഹത

(C) പ്രചാരലുപ്ത പദങ്ങളുടെ സന്നിവേശം

(D) ക്ലാസിക് ഉദ്ധരണികൾ

95. കലാസൃഷ്ടിയുമായി ബന്ധപ്പെട്ട സാമാന്യ തത്ത്വങ്ങളുടെ സവിശേഷതയായി വിശേഷിപ്പിക്കുന്നത് ?

(A) അമൂർത്തത

(B) ദുർഗ്രഹത

(C) പാശ്ചാത്യമേൽക്കോയ്മ

(D) സാർവജനീനത്വം

## CATEGORY - I

### PART - 2

### Malayalam

### Question Numbers 91 to 120

ചുവടെയുള്ള ഗദ്യഭാഗം വായിച്ച് 91 മുതൽ 95 വരെയുള്ള ചോദ്യങ്ങൾക്ക് ഏറ്റവും ശരിയായ ഉത്തരം തിരഞ്ഞെടുത്ത് എഴുതുക.

പരീക്ഷണോന്മുഖമായ ഒരു സാഹിത്യ രൂപത്തെ, ചരിത്രാഖ്യായികയെ - അംഗീകാരമുള്ള ഒരു ശാഖയായി പ്രതിഷ്ഠിക്കുയും അതിനൊരാസ്വാദക ലോകത്തെ ഉണർത്തിക്കൊണ്ട് വരുകയും ചെയ്ത വ്യക്തി എന്ന നിലയിൽ സി.വി. രാമൻപിള്ള നിത്യസ്മരണീയനാണ്. മനുഷ്യന്റെ ഉത്തമ രുചികളെ പ്രീണിപ്പിക്കേണ്ട സാഹിത്യാദികലകളുടെ മൗലികതത്ത്വങ്ങൾ എവിടെയും എക്കാലത്തും ഒന്നാവാനേതരമുള്ളൂ. പ്രതിപാദ്യങ്ങളും പ്രതിപാദന രീതിയും തരംപോലെ മാറാം. കലയെ കലയാക്കുന്ന സാമാന്യ തത്ത്വങ്ങൾ ദേശംതോറും കാലംതോറും മാറുകയില്ല. അവയ്ക്ക് സാർവജനീനത്വം നിശ്ചയമായും ഉണ്ട്. വാച്യാർഥബോധത്തിനു-മപ്പുറത്ത് അവ്യക്തവും അമൂർത്തവുമായ ചിലഹൃദയഗതികൾ സൂചിപ്പിക്കുന്ന രാസവിദ്യ സി.വി. തനതു പരീക്ഷണങ്ങളിലൂടെ നേടിയ നൈപുണിയാണ്. വസ്തുക്കളെയും വ്യക്തികളെയും സംഭവങ്ങളെയും പുറമേനിന്നു കാണുന്നപോലെ പ്രകാശിപ്പിക്കുന്നതിനു പകരം അവയുടെ ആന്തരികസത്തയുടെ മൂർത്തികളാക്കി തെളിയിക്കുന്ന വിദ്യ ആത്മ വിദ്യതന്നെയാണ്. പ്രേക്ഷകന്റേയോ അനുവാചകന്റെയോ സ്ഥാനം കൃതിക്കു പുറത്തല്ല, സൃഷ്ടിക്കകത്താണ് എന്നു വരുത്തുന്നത് വിഭ്രമാത്മകമായ ഒരനുഭൂതിയാണ്. ഈ അവസ്ഥയിലേക്ക് അനുവാചകരെ ഉണർത്തി ഉയർത്തി പരിപാകപ്പെടുത്തുന്നവർ മഹാന്മാരായ സാഹിത്യകാരന്മാരാണ്. ചരിത്രാഖ്യായികാ പ്രസ്ഥാന പ്രതിഷ്ഠാപകൻ എന്ന സദ്‌യശസ്സുനേടാൻ വാസ്തവത്തിൽ സി.വി.ക്കുള്ള അർഹത ഇതാണ്.

അനുവാചകർ മുമ്പുശീലിച്ച പദപ്രയോഗവും ഊണവും അർഥബോധവും ആസ്വാദനവും കൊണ്ട് സി.വി.യിലെത്തുമ്പോൾ അവിടെ സ്ഥിതി തികച്ചും വ്യത്യസ്തമായിക്കാണുകയാണ്. തലകീഴ് മറിഞ്ഞ വാചകക്കസർത്തുകൊണ്ടോ മലയാളത്തിനു നിരക്കാത്തതോ ദഹിക്കാത്തതോ ആയ ശൈലീഭേദങ്ങൾ കൊണ്ടോ ക്ലിഷ്ടാർഥ ദുരൂഹതകൊണ്ടോ പ്രചാരലുപ്ത പദങ്ങളുടെ സന്നിവേശം കൊണ്ടോ അല്ല സി.വി. തന്റെ ക്രാഫ്റ്റ് പ്രത്യക്ഷീകരിച്ചിരിക്കുന്നത്. സി.വി. കൈക്കൊണ്ട മുറകൾ പലതാണ്. ക്രിയാപദങ്ങളുടെ ആവൃത്തി, രൂപാന്തര പ്രാപ്തി, പ്രച്ഛന്നത്വം, സൂത്രവാക്യങ്ങൾ, ചാടുക്തികൾ, വ്യംഗ്യ പ്രയോഗങ്ങൾ പഴമൊഴികൾ, പ്രതീതിസാരവത്തായ ക്ലാസിക് ഉദ്ധരണികൾ, വാങ്മയ സമൃദ്ധി എന്നിങ്ങനെ ഏകലോചനം കൊണ്ട് ബഹുവീക്ഷണം സാധിക്കുന്ന സംവിധാനം സി.വി.യിൽ പ്രവർത്തിക്കുന്നു.

8. താഴെ കൊടുത്തിരിക്കുന്നവയിൽ, പാഠപുസ്തകങ്ങൾക്ക് ഉണ്ടായിരിക്കേണ്ട മികവുകളിൽ ഉൾപ്പെടാത്തത് ഏത് ?

(A) വിവിധ സാഹചര്യങ്ങളിൽ വ്യത്യസ്ത-മായ ആവശ്യങ്ങൾ നിറവേറ്റാനുതകും വിധം വഴക്കമുള്ളതാകണം

(B) കുട്ടികൾക്ക് സ്വന്തം നിലയിലും സ്വന്തം വേഗതയിലും പാഠപുസ്തകവുമായി സംവദിക്കാൻ കഴിയണം

(C) പാഠപുസ്തകം കൂട്ടിച്ചേർക്കലുകൾക്കോ ഒഴിവാക്കലുകൾക്കോ പഴുതില്ലാ-ത്തതാവണം.

(D) സ്വീകരിക്കുന്ന വ്യക്തി എന്ന നിലയിൽ നിന്ന് സൃഷ്ടാവിന്റെ പദവിയിലേക്ക് കുട്ടിയെ ഉയർത്താൻ കഴിയുന്നതാകണം.

109. "കൊള്ളാനൊന്നു കൊടുക്കാനില്ലാതില്ലൊരു മുൾച്ചെടിയും ഉദയക്കതിരിനെ മുത്തും മാനവഹൃദയപ്പനിനീർപ്പൂന്തോപ്പിൽ" ഇത് ആരുടെ വരികളാണ്.

(A) വയലാർ രാമവർമ്മ

(B) ഇടശ്ശേരി

(C) വൈലോപ്പിള്ളി

(D) ബാലാമണിയമ്മ

110. ചുവടെ പിരിച്ചെഴുതിയിരിക്കുന്നവയിൽ കൂട്ടത്തിൽ പെടാത്തത് ഏത് ?

(A) തീനാളം - തീ, നാളം

(B) തീപ്പെട്ടി - തീ, പെട്ടി

(C) തീക്കാറ്റ് - തീ, കാറ്റ്

(D) തീപ്പന്തം - തീ, പന്തം

111. 'കുമൻകൊല്ലി' എന്ന നോവൽ എഴുതിയതാര് ?

(A) നാരായൻ

(B) പി. വത്സല

(C) കെ.ജെ. ബേബി

(D) ഒ.കെ. ജോണി

112. പ്രാദേശിക ഭാഷ സംസാരിക്കുന്ന കുട്ടിയോട് ഭാഷാ പഠനക്ലാസിൽ സ്വീകരിക്കേണ്ട ശരിയായ സമീപനം ഏത് ?

(A) തുടക്കത്തിൽ തന്നെ തിരുത്തി, മാനകഭാഷ സംസാരിക്കാൻ നിർബ്ബന്ധിക്കണം.

(B) പ്രാദേശിക ഭാഷ പ്രയോഗിക്കുന്നത് തടസ്സപ്പെടുത്താതെ, മാനകഭാഷാ പ്രയോഗങ്ങൾ പ്രത്യേകമായി പഠിപ്പിക്കണം.

(C) പ്രാദേശിക ഭാഷാ പ്രയോഗങ്ങൾക്ക് സമാനമായ മാനകഭാഷാ പ്രയോഗങ്ങൾ ഗൃഹപാഠമായി നൽകണം.

(D) ഭാഷാ പ്രയോഗത്തിൽ ആത്മ വിശ്വാസം വന്നെന്നുറപ്പായശേഷം മാനകഭാഷ പരിചയപ്പെടാനും ആവശ്യാനുസരണം പ്രയോജനപ്പെടുത്താനും അവസരം നൽകണം

113. സമഗ്രതയിൽ നിന്ന് ഘടകങ്ങളിലേക്ക് എന്ന രീതിയിലുള്ള ഭാഷാ പഠന മാതൃക ഏത് ?

(A) അക്ഷരം - പദം - വാക്യം - ആശയം

(B) ആശയം - വാക്യം - പദം - അക്ഷരം

(C) അക്ഷരം - ആശയം - പദം - വാക്യം

(D) പദം - വാക്യം - ആശയം - അക്ഷരം

114. പ്രക്രിയാധിഷ്ഠിത പഠനത്തിൽ, അക്ഷരജ്ഞാനത്തിന്റെ കാര്യത്തിൽ സ്വീകാര്യമല്ലാത്ത രീതി ഏത് ?

(A) രസകരവും താല്പര്യജനകവുമായ ഗീതങ്ങൾ, വായ്ത്താരികൾ, നാവുവഴങ്ങാനുള്ള പാട്ടുകൾ തുടങ്ങിയവ ആവർത്തിച്ചു കേൾപ്പിക്കൽ

(B) ചാർട്ടുകളും വലിയ പുസ്തകങ്ങളും വായനാവസ്തുത എല്ലാവരും കാണത്തക്ക വിധം പ്രദർശിപ്പിച്ച് ഉച്ചത്തിൽ വായിച്ചു കേൾപ്പിക്കൽ

(C) പദങ്ങൾ ആവർത്തിച്ച് എഴുതിച്ച ശേഷം കാണാതെ എഴുതിക്കൽ

(D) ടീച്ചർ നിർദ്ദേശിക്കുന്നതിനുപകരം കുട്ടികൾ അവർക്കിഷ്ടമുള്ള പദങ്ങൾ വായനാസാമഗ്രിയിൽ നിന്ന് കണ്ടെത്തൽ.

115. താഴെ പറയുന്നവരിൽ ജ്ഞാനപീഠപുരസ്കാരം ലഭിച്ചിട്ടില്ലാത്തത് ആര് ?

(A) തകഴി ശിവശങ്കര പിള്ള

(B) ഒ.വി. വിജയൻ

(C) ഒ.എൻ.വി. കുറുപ്പ്

(D) ജി. ശങ്കരക്കുറുപ്പ്

116. ചുവടെ കൊടുത്തിരിക്കുന്നവയിൽ ശരിയായ പദം ഏത് ?

(A) അധ്യായനം

(B) അദ്യായനം

(C) അദ്യയനം

(D) അധ്യയനം

117. "സ്വാഗതം കുഞ്ഞിക്കാറ്റേ, പൊന്നിളം കാറ്റേ നിന്റെയാഗമം പ്രതീക്ഷിച്ചു തന്നെ ഞാനിരിക്കുന്നൂ"

ഈ വരികളുടെ സമാനതാളമുള്ള വരികൾ കണ്ടെത്തുക.

(A) മാറ്റുവിൻ ചട്ടങ്ങളേ സ്വയ, മല്ലെങ്കിൽ മാറ്റുമതുകളീ നിങ്ങളെത്താൻ

(B) വത്സ സൗമിത്രേ, കുമാര നീ കേൾക്കണം മത്സരാദ്യം വെടിഞ്ഞെന്നുടെ വാക്കുകൾ

(C) വരണം വരൻ മാത്ര, മാസന്നമായി-പ്പോയീ വരണം സനാതന നിയമം ലംഘിക്കാമോ ?

(D) വിശപ്പിനു വിഭവങ്ങൾ വെറുപ്പോള മശിച്ചാലും വിശിഷ്ട ഭോജ്യങ്ങൾ കണ്ടാൽ കൊതിയാമാർക്കും

118. താഴെപ്പറയുന്നവയിൽ ‘ഉൾച്ചേ[illegible] വിദ്യാഭ്യാസ പ്രക്രിയ’യിൽ അനുവർത്തി-ക്കേണ്ടത് ഏത് ?

(A) അനുരൂപീകരണം

(B) ബഹു ഇന്ദ്രിയാധിഷ്ഠിത സമീപനം

(C) റിസോഴ്സ് അധ്യാപകരുടെ സേവനം ലഭ്യമാക്കൽ

(D) ഇവയെല്ലാം

119. ചുവടെ നൽകിയിരിക്കുന്നവയിൽ ഏറ്റവും ശരിയായ വാക്യം കണ്ടെത്തുക.

(A) ജനനമരണങ്ങൾക്കിടയിലെ അനർഘ നിമിഷമാണ് ജീവിതം

(B) പ്രഭാതത്തിൽ താമര വിടരും ആമ്പൽ കൂമ്പുകയും ചെയ്യുന്നത് പതിവാണ്.

(C) അനേകം മഹത്തുക്കൾ വന്നു പിറന്നതിന് കാരണമായ ഈ ഭൂമി അവർക്കു ജന്മം നൽകിയതിനാൽ ധന്യയാണ്

(D) ആശ്രമകവാടത്തിൽ നിന്ന തേജസ്സാർന്ന രൂപം കണ്ട ഭക്തനെ കോരിത്തരിച്ചു

120. ഗുരുഭക്തി എന്ന പദത്തിന്റെ വിഗ്രഹാർഥം ഏത് ?

(A) ഗുരുവും ഭക്തിയും

(B) ഗുരുവിന്റെ ഭക്തി

(C) ഗുരുവാലുള്ള ഭക്തി

(D) ഗുരുവിനോടുള്ള ഭക്തി

-oOo-